പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:654 — 29.06.2011- ലെ മറുപടി

**കെ.എസ്.ആർ.ടി.സി. യുടെ ബി.ഒ.റ്റി. പ്രോജക്ടുകൾ പൂർത്തിയാക്കാൻ നടപടി**

ചോദ്യം — ഉത്തരം

ശ്രീമതി ജമീലാ പ്രകാശം
ശ്രീ. സി.കെ. നാണു
ശ്രീ. ജോസ് തെറ്റയിൽ
ശ്രീ. മാത്യു റ്റി. തോമസ്

ശ്രീ.വി.എസ്.ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി ഇപ്പോൾ ആരംഭിച്ചിട്ടുള്ള ബി.ഒ.റ്റി. പ്രോജക്ടുകൾക്ക് പുറമെ പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അവ എവിടെയെല്ലാം ആണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. മലപ്പുറം കോംപ്ലക്സിനുള്ള സർക്കാരിന്റെ ഭരണാനുമതി നൽകി കഴിഞ്ഞു. കെ.ടി.ഡി.എഫ്.സി ടെണ്ടർ നടപടികൾ തുടങ്ങിക്കഴിഞ്ഞു. കരുനാഗപ്പള്ളി, പാലക്കാട് എന്നീ സ്ഥലങ്ങളിൽ ബി.ഒ.റ്റി അടിസ്ഥാനത്തിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കാൻ ഉദ്ദേശമുണ്ട്. |
| (ബി) | നിലവിലുള്ള പ്രോജക്ടുകൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | (ബി) | നിലവിലെ പ്രൊജക്ടുകൾ പൂർത്തീകരിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്ന തീയതികൾ ഇപ്രകാരമാണ്.<br>1.കോഴിക്കോട് ബസ് ടെർമിനൽ കോംപ്ലക്സ്-31.03.2012.<br>2. തിരുവനന്തപുരം സെൻട്രൽ തമ്പാനൂർ ബസ് ടെർമിനൽ കോംപ്ലക്സ്-30.06.2012.<br>3. തിരുവല്ല ബസ് ടെർമിനൽ കോംപ്ലക്സ് -31.07.2012. |
| (സി) | പൊതുമേഖലാ സ്ഥാപനമായ കെ.ടി.ഡി.എഫ്.സി യുമായി ചേർന്ന് മാത്രമേ ബി.ഒ.റ്റി പ്രോജക്ടുകൾ നടപ്പിലാക്കൂ എന്ന മുൻ സർക്കാരിന്റെ നയം മാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ടോ യെന്നറിയിക്കുമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ